ഹിന്ദി-ഖാദി പ്രചാരക പെൻഷൻ അപേക്ഷകൾ പരിഗണിക്കാൻ നടപടി

64 [2494] *ശ്രീ. എം. മുരളി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര പെൻഷൻ പദ്ധതിയുടെ ഭാഗമായി ഹിന്ദി-ഖാദി പ്രചാരകർക്ക് പെൻഷൻ നൽകുന്നതിന് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 1995-ൽ പെൻഷൻ ലഭിക്കുന്നതിന് സമർപ്പിച്ച പല അപേക്ഷകളും 1996-ൽ എൽ.ഡി.എഫ്. സർക്കാർ ഈ പെൻഷൻ പദ്ധതി റദ്ദുചെയ്ത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിരസിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഈ പെൻഷൻ പദ്ധതി പുനഃസ്ഥാപിച്ചതിനാൽ 1996-ന് മുൻപ് നൽകിയ എല്ലാവരുടെയും അപേക്ഷകൾകൂടി പരിഗണിക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ പദ്ധതിയോടനുബന്ധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകി വരുന്നു.

പ്രാരാബ്ധ കുടുംബങ്ങൾക്ക് അടിയന്തിര സഹായം

65 [2495] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, *കെ. കെ. ഷാജു:*

,, *എ. എൻ. രാജൻ ബാബു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗം, അപകടം, കടം മുതലായവമൂലം കുടുംബങ്ങൾ പ്രാരാബ്ധത്തിൽപ്പെടുകയും തുടർന്ന് കൂട്ട ആത്മഹത്യകൾ നടത്തുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രാരാബ്ധ കുടുംബങ്ങൾക്ക് നിയമക്കുരുക്കുകളും, സർക്കാർ നടപടിക്രമങ്ങളുടെ പ്രതിബന്ധങ്ങളുമില്ലാതെ സത്വര സഹായമെത്തിക്കുവാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(സി) ഇല്ലെങ്കിൽ പഞ്ചായത്ത്, റവന്യൂ വകുപ്പുകൾവഴി പ്രാരാബ്ധ കുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്രകാരം നിർണ്ണയിക്കപ്പെടുന്ന പ്രാരാബ്ധ കുടുംബങ്ങൾക്ക് അടിയന്തിര സഹായമെത്തിക്കുന്നതിന് ഒരു എസ്.ഒ.എസ്. ഫണ്ട് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly